**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4261** **06-03-2023 - ൽ മറുപടിയ്ക്ക്**

**ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ മോണിട്ടറിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നത് മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നത് മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ താഴെ പറയുന്നവയാണ്.<br><br>ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, മുൻഗണനാ പദ്ധതികളെ സ്വഭാവം അനുസരിച്ച് 4 ബാച്ചുകളായി തിരിച്ച് അവയുടെ പുരോഗതി എല്ലാ മാസവും ബഹു. മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തുകയും, പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുകയും ചെയ്യുന്നുണ്ട്.<br><br>സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിനും, വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി നടപ്പിലാക്കുന്ന 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ച് കൃത്യമായ ഇടവേളകളിൽ ബഹു. മുഖ്യമന്ത്രി അവലോകനം നടത്തി വരുന്നുണ്ട്. 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട പദ്ധതികൾ യഥാസമയം അവലോകനം നടത്തുന്നതിനും, പദ്ധതികളുടെ വിവരവും പുരോഗതിയും പൊതുജനങ്ങൾക്ക് അറിയുന്നതിനും http://100days.kerala.gov.in എന്ന വെബ് പോർട്ടൽ ഉപയുക്തമാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി 'PLAN SPACE 2.0 (www.planspace.kerala.gov.in) എന്ന 'Online Real Time Monitoring System' നിലവിലുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികളുടെ/ പ്രോജക്ടുകളുടെ പുരോഗതി സമയാസമയങ്ങളിൽ |

| | | | |
|---|---|---|---|
| | | | പ്രസ്തുത സംവിധാനങ്ങളിലൂടെ അപ്ഡേറ്റ് ചെയ്തു വരുന്നുണ്ട്.<br><br>സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുവാനായി ധനകാര്യ വകുപ്പ്, ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം (BMS) എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ ((budgetdata.kerala.gov.in) വഴി ഭരണ വകുപ്പുകൾ, ഡയറക്ടറേറ്റുകൾ എന്നിവർ ഓരോ വർഷത്തെയും ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലെ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതു നിരീക്ഷിക്കുന്നതിനും, യഥാസമയം ബന്ധപ്പെട്ടവർക്കു സെക്രട്ടറി തലത്തിൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഉപയുക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിലൂടെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ സാമ്പത്തിക, ഭൗതിക പുരോഗതി വിശദാംശങ്ങൾ നിരീക്ഷിക്കുവാനും സാദ്ധ്യമാണ്. |
| (ബി) | 2021-22, 2022-23 ബജറ്റുകളിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ നടപ്പിലാക്കാനുണ്ടെന്നും അവ എപ്പോൾ നടപ്പിലാക്കുമെന്നും അറിയിക്കുമോ? | (ബി) | ഓരോ വർഷത്തെയും ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലെ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം (BMS) എന്ന സോഫ്റ്റ് വെയറിലെ നിലവിലെ സ്ഥിതി പ്രകാരം 2021 – 22ബജറ്റ്, 2021 – 22 പുതുക്കിയ ബജറ്റ് , 2022 - 23ബജറ്റ് എന്നിവയിൽ ഉൾപ്പെട്ട 852 പ്രവൃത്തികളിൽ 479 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. 373 പ്രവൃത്തികൾ നടപ്പിൽ വരുത്തുന്നതിനായുള്ള വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ